**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1407** **30-01-2018 ൽ മറുപടിക്ക്**

**നാലുസെന്റ് കോളനികളിലെ താമസക്കാർക്ക് കൈവശരേഖ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ജോർജ് എം. തോമസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നാലുസെന്റ് കോളനികളിൽ കാലങ്ങളായി താമസിക്കുന്നവരും ഭൂമി സംബന്ധമായ അടിസ്ഥാന രേഖകൾ ഇല്ലാത്തവരുമായ ആളുകൾക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത വിഷയം പരിഹരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; ഇതിനായുള്ള നടപടിക്രമങ്ങൾ വിശദാക്കുമോ? | (ബി) പരിഗണനയിലുണ്ട്. നാല് സെന്റ് കോളനികളിൽ താമസിക്കുന്ന വ്യക്തികൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഭൂമി വിലയ്ക്ക് വാങ്ങി കക്ഷികൾക്ക് അനുവാദ പത്രിക നൽകിയിട്ടുള്ളതാണ്. അത്തരം ഭൂമികളുടെ ഉടമസ്ഥാവകാശം ഇപ്പോഴും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. പ്രസ്തുത ഭൂമിയുടെ ഇനം/തരം എന്നിവ മാറ്റി റവന്യൂ വകുപ്പിന് കൈമാറുന്ന മുറയ്ക്ക് നിയമാനുസൃതമായ പതിവ് നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**